"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽഎ.ആർ. 787/2008 നമ്പർ കേസിലെ ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/LSGD    തീയതി, തിരുവനന്തപുരം, 03-01-2026

പരാമർശം:-

1. സ.ഉ.(അച്ചടി) 32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.787/2008 നമ്പർ കേസിന്മേലുള്ള 15/11/2021 തീയതിയിലെ വിധിന്യായം.
3. സ.ഉ.(സാധാ) നം. 1827/2025/തസ്വഭവ, തീയതി, 25/07/2025.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 13/11/2025 തീയതിയിലെ എ3/386/2024/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ-വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 787/2008 നമ്പർ കേസിൽ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുകയായ 62,67,147/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുന്നൂറ്റി നാല്പത്തിയേഴ് രൂപ മാത്രം) കെട്ടിവച്ചിട്ടുണ്ടെന്നും ടി കേസിലെ അവശേഷിക്കുന്ന വിധിക്കടത്തുക 1,04,354/- രൂപ (ഒരു ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ-വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നം. 34-ൽ ഉൾപ്പെട്ട 0.68 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 787/08 നമ്പർ കേസിന്റെ ബാലൻസ് തുകയായ 1,04,354/- രൂപ (ഒരു ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപ മാത്രം) '4217-60-800-93 Payment of

compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീമതി ഊർമ്മിള ദേവിയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി., തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി ഊർമ്മിള ദേവി, വിനോദ് ഭവൻ, ടോൾ ജംഗ്ഷൻ, കവടിയാർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/419/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-01-2026 15:24:31

സെക്ഷൻ ഓഫീസർ